# കേരള സർവകലാശാല

നം.പി.ആർ.249/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എസ്.സി കെമിസ്ട്രി (കോർ & കോംപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ നവംബർ 22 മുതൽ 30 വരെ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 ജൂലൈയിൽ നടത്തിയ ഒന്നാം വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 28 വരെ അപേക്ഷിക്കാം.

2018 മാർച്ചിൽ നടത്തിയ (ജനുവരി സെഷൻ) ഒന്നാം സെമസ്റ്റർ ബി.എം.എസ്സ് ഹോട്ടൽ മാനേജ്മെന്റ് ഗ്രൂപ്പ് 2 (b) കരിയർ റിലേറ്റഡ് 2017 അഡ്മിഷൻ (റെഗുലർ) ഡിഗ്രി പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 4 വരെ അപേക്ഷിക്കാം.

2018 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ സോഷ്യോളജി, എം.എസ്.ഡബ്ല്യൂ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 1.

### പരീക്ഷാഫീസ്

2018 ഡിസംബർ 5 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ (2015 സ്കീം) റെഗുലർ & സപ്ലിമെന്ററി എം.സി.എ പരീക്ഷകൾക്ക് പിഴകൂടാതെ നവംബർ 22 വരെയും 50 രൂപ പിഴയോടെ നവംബർ 26 വരെയും 125 രൂപ പിഴയോടെ നവംബർ 28 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: പ്ലസ്ടു/പ്രീ - ഡിഗ്രി, ഫീസ്: 15,000 രൂപ, അപേക്ഷാ ഫീസ്: 100 രൂപ. കോഴ്സ് കാലാവധി: 6 മാസം, ക്ലാസ്: തിങ്കൾ മുതൽ വെള്ളി വരെ, സമയം: രാവിലെ 7 മണി മുതൽ 9 മണി വരെ. അപേക്ഷാഫോമിന് സർവകലാശാലാ ഓഫീസ് ക്യാമ്പസിലുള്ള എസ്.ബി.ഐ അക്കൗണ്ട് നമ്പറിൽ (57002299878) 100 രൂപ അടച്ച രസീത് സഹിതം പി.എം.ജി. സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലുള്ള CACEE

ഓഫീസിൽ ബന്ധപ്പെടണം. വിശദവിവരങ്ങൾക്ക്: 0471-2302523. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 4.

## ഒന്നാംവർഷ ബിരുദാനന്തരബിരുദം – സ്പോട്ട് അലോട്ട്മെന്റ് ഇന്ന്

2018-19-ലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സർവകലാശാല സെനറ്റ് ഹാളിൽ വച്ച് ഇന്ന് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ഒഴിവുള്ള സീറ്റുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 9 മണിക്കും 11 മണിക്കും മദ്ധ്യേ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
15.11.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098